ഖുത്ബ
28.12.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# ദൈവവിശ്വാസികളെ പരിഹസിച്ചാൽ ശിക്ഷ ഉറപ്പ്

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا
عَلَيْهِمْ آيٰتِكَ وَيُعَلِّمُهُمُ الْكِتٰبَ
وَالْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ
الْعَزِيزُ الْحَكِيمُ ﴿١٣٠﴾

**ക**ഴിഞ്ഞ ഖുത്ബയിൽ നബി(സ) തിരുമേനിയെ എടുത്തുദ്ധരിച്ചുകൊണ്ട് ഹദ്റത്ത് ഇബ്റാഹീം നബി(അ)ന്റെ പ്രാർത്ഥനയെപ്പറ്റി ഞാൻ പറഞ്ഞിരുന്നു. നബി(സ) തിരുമേനിയിൽ നാലു കാര്യങ്ങൾ പൂർത്തിയാകുന്നതിനാണ് ഹദ്റത്ത് ഇബ്റാഹീം നബി(അ) പ്രാർത്ഥിച്ചിരുന്നത്. മഹാനായ ഒരു ദൈവദൂതൻ മുഖേന പുലരാനുള്ള പ്രാർത്ഥനയായിരുന്നു അത്. അതിൽ ഞാൻ ആദ്യം പറഞ്ഞത് ***യത്‌ലൂഅലയ്ഹിം ആയാത്തിക്ക*** എന്നതിനെക്കുറിച്ചായിരുന്നു. അതായത് അദ്ദേഹം അവരെ നിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കണം.

'ആയാത്ത്' എന്നതിന്റെ വിവിധ അർത്ഥങ്ങൾ നാം നോക്കിക്കഴിഞ്ഞു. അടയാളങ്ങൾ, ദൃഷ്ടാന്തങ്ങൾ. അല്ലാഹുവിലേക്ക് ശ്രദ്ധതിരിച്ചുവിടുന്ന കാര്യങ്ങൾ. വിശ്വാസത്തിലേക്ക് മാർഗ്ഗദർശനം നല്കുന്ന സംഗതികൾ. ശിക്ഷയിൽനിന്ന് രക്ഷപ്പെടാനുള്ള കാര്യങ്ങളിലേക്ക് ശ്രദ്ധതിരിച്ചുവിടുന്ന പ്രവൃത്തികൾ. ഭാവിയിൽ പുലരാനിരിക്കുന്ന പ്രവചനങ്ങൾ. ആകാശങ്ങളിലും ഭൂമിയിലുമുള്ള വിവിധ വസ്തുക്കളെക്കുറിച്ചും സസ്യങ്ങളെക്കുറിച്ചും ഖരപദാർത്ഥങ്ങളെക്കുറിച്ചുമുള്ള അറിവുകൾ. സംസ്കാരത്തിന്റെ നേരായവഴി പറഞ്ഞുതരുന്ന സംഭവങ്ങൾ തുടങ്ങിയവയൊക്കെ ആയാത്തുകളാണ്.

തന്റെ ഈ ആയാത്തിനെക്കുറിച്ച് വിശുദ്ധഖുർആനിൽ അല്ലാഹു നബി(സ) മുഖേന പറഞ്ഞത് ആ മഹാത്മാവ് നമുക്കെത്തിച്ചുതന്നു. അല്ലാഹു പറയുന്നു: ***യത്‌ലൂ അലയ്ക്കും ആയാതിനാ.*** ഈ നബി, ഈ മഹാനായ ദൂതൻ നമ്മുടെ വചനങ്ങൾ നിങ്ങളെ ഓതിക്കേൾപ്പിക്കുന്നു. വിശാലമായൊരു വിഷയമാണിത്. പല രീതിയിൽ ഇത് വിവരിക്കപ്പെട്ടിട്ടുണ്ട്. അതിന് പരിധികളില്ല. അവയിൽ ചില വചനങ്ങൾ ഞാനിന്നെടുത്തിട്ടുണ്ട്. അത് ഞാൻ കേൾപ്പിക്കുകയാണ്.

കഴിഞ്ഞ ഖുത്ബയുടെ ഒടുക്കത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ ആയാത്തിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് എടുത്തുദ്ധരിച്ചുകൊണ്ട് ആയാത്തിന്റെ ഒരു വിവക്ഷിതം ശിക്ഷയാണെന്ന് പറയുകയും സൂറഃ ബനീഇസ്റായീലിലെ '***വമാ നുർസിലു ബിൽആയാത്തി ഇല്ല തഖ്‌വീഫാ***' എന്ന ഭാഗം വിവരിക്കുകയും ചെയ്തിരുന്നു. അതായത് ഭയപ്പെടുത്തുവാനായിട്ടല്ലാതെ നാം ദൃഷ്ടാന്തങ്ങളെ അയക്കുന്നില്ല (17:60).

ഈ വചനത്തിന്റെ പൂർണ്ണരൂപം ഇങ്ങനെയാണ്. ***വമാ മനഅനാ അൻത്തുർസില ബിൽആയാത്തി ഇല്ലാ അൻകദ്ദബ ബിഹൽഅവ്വലൂൻ. വ ആതയ്നാ ഥമൂദന്നാഖത്ത മുബ്സിറത്തൻ ഫളലമൂബിഹാ വമാ നുർസിലു ബിൽആയാത്തി ഇല്ല തഖ്‌വീഫാ.***

നമ്മുടെ ദൃഷ്ടാന്തങ്ങൾ നാം അയക്കുന്നതിൽനിന്ന് ആരും നമ്മെ തടഞ്ഞില്ല; പൂർവ്വികന്മാർ അവയെ നിഷേധിച്ചുവെന്നതല്ലാതെ. നാം ഥമൂദിനും ഒരു വ്യക്തമായ ദൃഷ്ടാന്തമെന്നനിലയിൽ പെണ്ണൊട്ടകത്തെ നല്കുകയുണ്ടായി. എന്നാൽ, അവർ അതിനോട് അക്രമം കാണിച്ചു. ഭയപ്പെടുത്തുവാനായിട്ടല്ലാതെ നാം ദൃഷ്ടാന്തങ്ങളെ അയക്കുന്നില്ല (17:60).

ഈ വചനം സൂചിപ്പിക്കുന്നത്, അല്ലാഹു തന്റെ നബിമാരുടെയും അവരുടെ ജമാഅത്തുകളുടെയും സത്യത സ്ഥാപിക്കുന്നതിനായി ദൃഷ്ടാന്തങ്ങൾ അയക്കുന്നു എന്നാണ്. ***വമാ മനഅനാ അൻത്തുർസില ബിൽആയാത്ത്*** അതായത് ദൃഷ്ടാന്തങ്ങൾ അയക്കുന്നതിൽനിന്ന് ഒരു കാര്യവും നമ്മെ തടഞ്ഞില്ല. തന്റെ നബിമാരെ പിന്തുണച്ചുകൊണ്ട് അവൻ ദൃഷ്ടാന്തങ്ങൾ അവതരിപ്പിച്ചു. ദിവ്യാത്ഭുതങ്ങൾ കാണിച്ചു.

സർവ്വശക്തികളുടേയും ഉറവിടമാണ് അല്ലാഹു. അവൻ പ്രതാപവാനും അജയ്യനുമാണ്. ഥമൂദിന് നല്കിയ പെൺഒട്ടകത്തിൽനിന്ന് പാഠം പഠിക്കുക എന്ന് പറഞ്ഞ് അവൻ ആ ജനതയെ ഭയപ്പെടുത്തിയതുപോലെ ഇക്കാലത്തെ ജനങ്ങൾക്കും ഇതു ബാധകമാണ്. പ്രത്യേകിച്ച്

മുസ്‌ലിംകൾക്ക്. അവസാനം വന്ന നബിയും മഹാനായ റസൂലും(സ) സമർപ്പിച്ചതാണ് വിശുദ്ധഖുർആനിലെ വചനങ്ങൾ. അതുകൊണ്ട് അത് പാരായണം ചെയ്യുന്ന നിങ്ങൾ അതിൽനിന്ന് പാഠം പഠിച്ചുകൊണ്ടിരിക്കുക. പഴമക്കാരുടെ ജീവിതസംഭവങ്ങൾ, കഥകളായിത്തീർന്നുവെന്ന് മനസ്സിലാക്കരുത്. അല്ലാഹു ദിവ്യാത്ഭുതം കാണിക്കാനും പിടിച്ചു ശിക്ഷിക്കാനും ഇപ്പോഴും കഴിവുള്ളവനാണ്. അതുകൊണ്ട് ഒരിക്കലും അശ്രദ്ധരാവരുത്. അല്ലാഹുവിന്റെ സ്മരണ ഒരിക്കലും മറപ്പിച്ചുകളയരുത്. 14-ാം നൂറ്റാണ്ടിൽ പുലരാനുള്ള പ്രവചനങ്ങളിൽ ചിന്തിക്കാനും, അല്ലാഹു തന്റെ മസീഹ് മഹ്ദിയ്ക്കുവേണ്ടി അവതരിപ്പിച്ച ദൃഷ്ടാന്തങ്ങളിലേക്ക് നോക്കാനും വേണ്ടി അല്ലാഹുവിന്റെ നാമത്തിൽ ആരെങ്കിലും വിളംബരം ചെയ്തിട്ടുണ്ടെങ്കിൽ, അതിൽ ചിന്തിക്കാതിരിക്കരുത്. നിഷേധവും അവിശ്വാസവും അതിന്റെ പാരമ്യതയിലെത്തിച്ച്, അവന്റെ നിന്ദതയ്ക്കിരയായിത്തീരരുത്. അദ്ദേഹത്തെ വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളിൽ മുറിവേല്പിച്ച്, ദൃഷ്ടാന്തങ്ങൾ കാണിക്കുന്നവനായ അല്ലാഹുവിന്റെ ആ ശക്തി ക്ഷയിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കരുത്. അല്ലെങ്കിൽ അവന്റെ ആ കർമ്മം അവസാനിച്ചുപോയിരിക്കുന്നുവെന്ന് ധരിക്കരുത്. ***വമാ മനഅനാ*** എന്ന് പ്രഖ്യാപിച്ചുകൊണ്ട് അല്ലാഹു പറയുന്ന കാര്യത്തിൽ ചിന്തിക്കുക.

ദുർപര്യവസാനത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയാണ് താൻ ദൃഷ്ടാന്തങ്ങൾ അയക്കുന്നതെന്ന് അല്ലാഹു പറയുന്നു. ഇന്നും അല്ലാഹു ധാരാളം ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, കാണുന്ന കണ്ണുകൊണ്ട് കാണണമെന്നുമാത്രം. ഇത്തരത്തിലുള്ള നിരവധി സംഭവങ്ങൾ, മുൻകഴിഞ്ഞ നബിമാരുടെ ചരിത്രവുമായി ബന്ധപ്പെടുത്തി അല്ലാഹു വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു. മുഅ്ജിസാത്ത് അഥവാ ദിവ്യാത്ഭുതങ്ങൾ തന്റെ നബിമാരുടെ സത്യത വെളിപ്പെടുത്തുന്നതിനായി കാണിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. എങ്ങനെയാണ് ജനതകൾ നാശമടഞ്ഞത്. ഇതെല്ലാം വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളത്, നമ്മെ കഥകൾ കേൾപ്പിക്കാനായിട്ടാണോ? നിങ്ങൾ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക, കലഹമുണ്ടാക്കി ജീവിച്ചുകൊള്ളുക, അക്രമങ്ങളിൽ തിമിർത്തുകൊള്ളുക, പരിഹസിച്ചുകൊള്ളുക, അപമാനിച്ചുകൊള്ളുക, എന്നാലും നിങ്ങളോട് ഒന്നും പറയുകയില്ലെന്ന് കരുതുന്നുണ്ടോ? ഈ ചിന്താഗതിയാണെങ്കിൽ അല്ലാഹുവിന്റെമേലുള്ള വളരെ വലിയ ആക്ഷേപമാണിത്. അതിനാൽ ഈ ഗുണപാഠങ്ങളിൽനിന്ന് പാഠം പഠിക്കുന്നവനാണ് ബുദ്ധിമാൻ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യത്തെക്കുറിച്ച് മർമ്മപ്രധാനമായ ഇക്കാര്യവുംകൂടി പറഞ്ഞിട്ടുണ്ട്. അതായത് അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളും കഴിവുകളും അപരിമിതമാണ്. അതുകൊണ്ട് അവൻ തന്റെ അടയാളങ്ങൾ എല്ലാ ജനതകൾക്കും വിവിധ രീതിയിൽ കാണിക്കുന്നു. അതിനാൽ, ഹദ്റത്ത് നൂഹിനുവേണ്ടി കാണിച്ച ദൃഷ്ടാന്തമല്ല ഹദ്റത്ത് മൂസായ്ക്കുവേണ്ടി കാണിച്ചത്. ലൂത്തിന്റെ ജനതയ്ക്കും ആദിനും ഥമൂദിനും വേണ്ടി ഒരേരീതിയിലുള്ള ദൃഷ്ടാന്തം വെളിപ്പെട്ടില്ല. ചിലരെ അല്ലാഹു ചില രീതിയിൽ പിടിച്ചു. മറ്റുചിലരെ മറ്റു ചില രീതിയിൽ പിടിച്ചു. അതിനാൽ അല്ലാഹുവിനോടുള്ള ഭയവും ഭീതിയും എപ്പോഴും ഹൃദയത്തിൽ വെച്ചുപുലർത്തേണ്ടതാണ്. നാം അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും വലിച്ചെടുക്കുന്നവരായിത്തീരാൻ ഇത് അത്യാവശ്യമാണ്.

അല്ലാഹു വളരെയധികം കരുണ ചെയ്യുന്നവനാണ്. വെറും ശിക്ഷകൊണ്ടുള്ള അടയാളമല്ല അവൻ കാണിക്കുന്നത്. മറിച്ച്, സുവാർത്തകളും നല്കാറുണ്ട്. മനുഷ്യൻ പരിധി ലംഘിക്കുമ്പോൾ അവൻ ശിക്ഷിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിക്കുന്ന ചിലർ, വിശുദ്ധഖുർആനിൽ ബലാൽക്കാരപൂർവ്വമായ കാര്യങ്ങളാണ് അധികമെന്ന് ആക്ഷേപിക്കാറുണ്ട്. അല്ലാഹു പറയുന്നത് ***വ റഹ്മത്തീ വസിഅത് കുല്ല ശയ്ഇൻ*** എന്നാണ്. അതായത് എന്റെ കാരുണ്യം സർവ്വവസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു (7:157). അല്ലാഹുവിന്റെ കാരുണ്യം ഒന്നുകൊണ്ടുമാത്രം ഒരുപാട് ശിക്ഷകൾ നീങ്ങിപ്പോകുന്നുണ്ട്. അല്ലെങ്കിൽ ദീർഘമായ അവധി ലഭിക്കുന്നുണ്ട്. ഇസ്തിഗ്ഫാർ ചെയ്യുക, തൗബ ചെയ്തു മടങ്ങുക, അല്ലാഹുവിന്റെ പരിധിയ്ക്കുള്ളിൽനിന്ന് ആവർത്തിച്ചാവർത്തിച്ച് പുറത്തുചാടാൻ ശ്രമിക്കാതിരിക്കുക തുടങ്ങിയതൊക്കെ മനുഷ്യൻ ചെയ്യേണ്ട പ്രവൃത്തികളാണ്. തന്റെ പരിധികൾ പറഞ്ഞുതന്നും മുമ്പുകഴിഞ്ഞുകടന്ന ആളുകൾക്കു വന്നുഭവിച്ച ശിക്ഷകളെ വിവരിച്ചുതന്നും അല്ലാഹു നബി(സ) മുഖേന ശരിയായ മാർഗ്ഗദർശനം നല്കിയിരിക്കുന്ന മുസ്‌ലിംകൾ ഭാഗ്യവാന്മാരാണ്. അതിനാൽ, ആ പരിധികളെ പാലിക്കേണ്ടത് ഓരോ മുസൽമാനും നിർബന്ധകടമയാണ്. എങ്കിലേ സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമ്മങ്ങൾ അനുഷ്ഠിച്ച്, അല്ലാഹു സത്യവിശ്വാസികൾക്കുവേണ്ടി വിധിച്ചിട്ടുള്ള സുവിശേഷങ്ങളിൽ ഭാഗഭാക്കാകാൻ സാധിക്കുകയുള്ളൂ. അതിനെക്കുറിച്ച് അല്ലാഹു ഒരിടത്ത് പറയുന്നു:

***വ യുബശ്ശിറൽമുഅ്മിനീനല്ലദീന യഅ്മലൂന സ്സാലിഹാത്തി അന്നലഹും അജ്റൻ ഹസനാ.***

വിശ്വസിക്കുന്നവർക്കും അതനുസരിച്ച് സൽക്കർമ്മം ചെയ്യുന്നവർക്കും അല്ലാഹുവിൽനിന്ന് നല്ല പ്രതിഫലമുണ്ടെന്ന് സുവാർത്ത അറിയിക്കുക (18:3).

നല്ല ഫലം കരസ്ഥമാക്കുന്നവർ പിന്നീട് നിരന്തരമായ കർമ്മങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്നു. ഈമാൻ ഇടിയാത്ത അവസ്ഥയാണിത്. വിശുദ്ധഖുർആൻ പരിപൂർണ്ണ ഗ്രന്ഥമാണ്. അത് ദൃഷ്ടാന്തങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. മുൻകഴിഞ്ഞുപോയവരുടെ അടയാളങ്ങളും അതിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രവചനങ്ങളും അതിലടങ്ങിയിരിക്കുന്നു. അതിൽനിന്ന് പാഠം പഠിക്കേണ്ടതാണ്. വരുന്ന കാര്യങ്ങളിൽ ചിന്തിക്കുക. സൽക്കർമ്മങ്ങൾ ചെയ്യാൻ ശ്രദ്ധിക്കുക; നല്ല പ്രതിഫലം ലഭ്യമാകാൻ ഇതൊക്കെ നിർബന്ധമാണ്.

ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ദൃഷ്ടാന്തം രണ്ടുതരമുണ്ടെന്ന് മനസ്സിലാക്കിക്കൊള്ളുക.

നമ്പർ ഒന്ന്. തഖ്വീഫും തഅ്സീബുമായ ദൃഷ്ടാന്തം. ഇതിന് ഖഹ്രിദൃഷ്ടാന്തം എന്നും പറയാം. അല്ലാഹുവിന്റെ ശിക്ഷ ഇതിലിറങ്ങുന്നു. നമ്പർ രണ്ട് തബ്ശീറും തസ്ക്കീനുമായ ദൃഷ്ടാന്തം. ഇതിനെ റഹ്മത്തിന്റെ ദൃഷ്ടാന്തം എന്നും പറയാം. തഖ്വീഫിന്റെ ദൃഷ്ടാന്തം ഉറച്ച അവിശ്വാസികൾക്കും വക്രബുദ്ധികൾക്കും ധിക്കാരികൾക്കും വഞ്ചകർക്കും ഫിർഔന്റെ സ്വഭാവമുള്ളവർക്കും വേണ്ടി വെളിപ്പെടുത്തുന്നതാണ്; അവർ ഭയപ്പെടുന്നതിനും അല്ലാഹുവിന്റെ ഭയാനകവും ഭീഷണവുമായ അവസ്ഥ അവരുടെ ഹൃദയങ്ങളിൽ ഉണ്ടാകുന്നതിനും വേണ്ടി. തബ്ശീറിന്റെ അടയാളം സത്യാന്വേഷകർക്കും ആത്മാർത്ഥരായ സത്യവിശ്വാസികൾക്കും സത്യത അന്വേഷിച്ചു നടക്കുന്നവർക്കുംവേണ്ടി വെളിപ്പെടുന്നു. അവർ ഹൃദയത്തിന്റെ ദരിദ്രഭാവവും വിനയവുംകൊണ്ട് പൂർണ്ണമായ ദൃഢവിശ്വാസവും ഈമാന്റെ വർധനയും ആഗ്രഹിക്കുന്നവരാണ്. തബ്ശീറിന്റെ ദൃഷ്ടാന്തംകൊണ്ട് ഭയപ്പെടുത്തുകയല്ല ഉദ്ദേശ്യം. മറിച്ച്, തന്നെ അനുസരിക്കുന്ന ദാസരെ തൃപ്തിപ്പെടുത്തുകയും വിശ്വാസപരമായ അവസ്ഥകൾക്ക് അഭിവൃദ്ധി നല്കുകയും അവരുടെ നെഞ്ചകങ്ങളിൽ അനുകമ്പയും ശാന്തിയും വയ്ക്കുകയും ചെയ്യുക എന്നതാണ്. അതിനാൽ, സത്യവിശ്വാസി വിശുദ്ധഖുർആന്റെ സഹായത്താൽ എപ്പോഴും തബ്ശീറിന്റെ ദൃഷ്ടാന്തം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഈമാനിലും യഖീനിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. തബ്ശീറിന്റെ ദൃഷ്ടാന്തംകൊണ്ട് സത്യവിശ്വാസിക്ക് ശാന്തി കൈവരുന്നു. മനുഷ്യനിൽ പ്രകൃത്യാലുള്ള അസ്വസ്ഥത അകന്നുപോകുന്നു. ശാന്തി മനസ്സിൽ ഇറങ്ങുന്നു. സത്യവിശ്വാസി അല്ലാഹുവിന്റെ ഗ്രന്ഥത്തെ പിന്തുടരുന്ന അനുഗ്രഹത്താൽ, തന്റെ ആയുസ്സിന്റെ അവസാനനാൾവരെ തബ്ശീറിന്റെ ദൃഷ്ടാന്തം കണ്ടുകൊണ്ടിരിക്കുന്നു." ശരിയായ നിലയിൽ അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് പ്രവർത്തിക്കുന്നവനാണെങ്കിൽ അവസാനനാൾവരെ അവന് സുവാർത്തകൾ ലഭിച്ചുകൊണ്ടിരിക്കും. ശാന്തിയും സൗഖ്യവും പ്രദാനം ചെയ്യുന്ന ദൃഷ്ടാന്തം അവനിൽ ഇറങ്ങിക്കൊണ്ടിരിക്കും; ഈശ്വരീയജ്ഞാനത്തിലും ദൃഢവിശ്വാസത്തിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതിനും ഹഖ്ഖുൽയഖീൻ വരെ എത്തുന്നതിനും വേണ്ടിയാണിത്.

സുവാർത്തകളടങ്ങിയ ദൃഷ്ടാന്തങ്ങളിൽ ഉണ്ടാകുന്ന ഒരു നിർവൃതി എന്താണെന്നുവെച്ചാൽ, സത്യവിശ്വാസി അവയുടെ ഇറക്കം കൊണ്ട് ദൃഢവിശ്വാസത്തിലും ദൈവജ്ഞാനത്തിലും വിശ്വാസശക്തയിലും അഭിവൃദ്ധിപ്പെടുന്നതിനോടൊപ്പം അല്ലാഹുവിന്റെ സവിധത്തിൽനിന്നുള്ള- അവന്റെ നാമം ആദരണീയമാണ്- ഉന്നതവും സുവാർത്തകളുടെ അടയാളങ്ങളിൽ നിറഞ്ഞുനില്ക്കുന്നതുമായ അനുഗ്രഹങ്ങളും പ്രത്യക്ഷവും അപ്രത്യക്ഷവും പ്രകടവും മറഞ്ഞതുമായ ഔദാര്യങ്ങളും ദർശിക്കുന്ന കാരണത്താൽ സ്നേഹത്തിലും അനുരാഗത്തിലും ദിനേന വളർന്നുകൊണ്ടിരിക്കുന്നു. വിശുദ്ധഖുർആനിൽ സുവാർത്തകളടങ്ങിയ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഒരുപാട് സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവൻ ആ അടയാളങ്ങളെ പരിമിതപ്പെടുത്തിവെച്ചില്ല. മറിച്ച്, വിശുദ്ധഖുർആനെ യഥാർത്ഥനിലയിൽ പിൻപറ്റുന്നവർ ആ അടയാളങ്ങൾ എപ്പോഴും കണ്ടുകൊണ്ടിരിക്കുമെന്നുള്ള അനശ്വരമായ വാഗ്ദാനം നല്കുകയാണ് ചെയ്തത്. ***ലഹുമുൽ ബുശ്റാഫിൽ ഹയാത്തിദ്ദുൻയാവൽ ആഖിറ ലാ തബ്ദീല ലികലിമാത്തില്ലാഹ് ദാലിക്ക് ഹുവൽ ഫൗസുൽ അളീം.*** വിശ്വാസികളായവർ ഈ ലോകത്തും സുവാർത്തകൾ അടങ്ങിയ ദൃഷ്ടാന്തം കണ്ടുകൊണ്ടിരിക്കും. ഇക്കാരണത്താൽ അവർ ഇഹത്തിലും പരത്തിലും ദൈവജ്ഞാനത്തിന്റേയും ദൈവസ്നേഹത്തിന്റേയും മൈതാനങ്ങളിൽ അപാരമായ നിലയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരിക്കും. അല്ലാഹു പറഞ്ഞ കാര്യങ്ങളാണിത്. അതൊരിക്കലും അസ്തമിച്ചുപോകുകയില്ല. സുവാർത്തകൾ അടങ്ങിയ ദൃഷ്ടാന്തങ്ങൾ പ്രാപിക്കുകയെന്നതാണ് മഹത്തായ വിജയം. അതായത് സ്നേഹത്തിന്റെയും ഈശ്വരീയ ജ്ഞാനത്തിന്റെയും അവസാനസ്ഥാനംവരെയെത്തുക. അല്ലാഹുവിന്റെ എല്ലാ അടയാളങ്ങളേയും ഭീകരവും ഭീഷണവുമായി മനസ്സിലാക്കിക്കൊണ്ട്, ഈ ഖുർആനിക വചനത്തിന് അല്ലാഹു തഖ്വീഫിന്റെ വീക്ഷണത്തിൽ മാത്രമാണ് ദൃഷ്ടാന്തങ്ങൾ അയക്കുന്നതെന്ന് അർത്ഥം പറഞ്ഞാൽ, അത് നിരർത്ഥകമായിരിക്കും. രണ്ടുദ്ദേശ്യത്തോടെയാണ് ദൃഷ്ടാന്തങ്ങൾ അയക്കുന്നതെന്ന് ഇപ്പോൾ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഒന്ന് തഖ്വീഫിന്റെ (ഭയപ്പെടുത്തൽ) ഉദ്ദേശ്യത്തോടെ മറ്റൊന്ന് തബ്ശീറിന്റെ (സുവാർത്ത അറിയിക്കൽ) ഉദ്ദേശ്യത്തോടെ."

രണ്ടുതരത്തിലുള്ള ദൃഷ്ടാന്തങ്ങളുടെ യാഥാർത്ഥ്യം

ഇതാണ്. സത്യവിശ്വാസിക്കുള്ള ദൃഷ്ടാന്തം, അവനെ നന്മയിലും ഹൃദയഭക്തിയിലും വർദ്ധിപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ സാമീപ്യം നല്കുന്നതാണ്.

സത്യവിശ്വാസിയല്ലാത്തവർക്കും നിഷേധികൾക്കും ഭയപ്പെടുത്തുന്ന ദൃഷ്ടാന്തമാണ്. അല്ലാഹുവിന്റെ ഒരു കർമ്മവും ഒരിക്കലും പരിമിതമാകുകയില്ലെന്ന യാഥാർത്ഥ്യത്തെ മനസ്സിലാക്കാത്തവർക്കാണ് ഇത് മനസ്സിലാക്കിക്കൊടുത്തിരിക്കുന്നത്. ഭീഷണമായ സംഭവങ്ങൾ വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്നത് അതിൽനിന്ന് പാഠം ഉൾക്കൊള്ളാനാണ്. അതിൽനിന്ന് പാഠം പഠിച്ചുകൊണ്ട് തന്റെ ദുൻയാവും ആഖിറത്തും ഒരുക്കുന്നവർ ഭാഗ്യവാന്മാരാണ്.

അല്ലാഹുതആല വിവിധ സ്ഥലങ്ങളിൽ വിവിധ ഉദാഹരണത്തിലൂടെ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കണ്ടുകൊണ്ട് ആരാണ് വിശ്വസിക്കുന്നതെന്ന് പറഞ്ഞിരിക്കുന്നു. അവരിൽ എന്തെന്തെല്ലാം പ്രത്യേകതകൾ ഉണ്ടാവേണ്ടതാണ്. അല്ലെങ്കിൽ ആരുടെ ഈമാനിലാണ് വർദ്ധനയുണ്ടാകുന്നത്? ഉദാഹരണത്തിന് ഇബ്റാഹീം എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു:

وَلَقَدْ أَرْسَلْنَا مُوسَىٰ بِآيَاتِنَا أَنْ أَخْرِجْ
قَوْمَكَ مِنَ الظُّلُمَاتِ إِلَى النُّورِ
وَذَكِّرْهُمْ بِأَيَّامِ اللَّهِ ۚ إِنَّ فِي ذَٰلِكَ لَآيَاتٍ
لِكُلِّ صَبَّارٍ شَكُورٍ ٦

സത്യമായും നാം മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളോടുകൂടി അയച്ചു. നിന്റെ ജനത്തെ എല്ലാവിധ അന്ധകാരങ്ങളിൽനിന്നും പുറത്തുകൊണ്ടുവന്ന് പ്രകാശത്തിലേക്ക് നയിക്കുകയെന്നും അവരെ അല്ലാഹുവിന്റെ നാളുകളെ സംബന്ധിച്ച് ഓർമ്മപ്പെടുത്തുകയെന്നുമുള്ള സന്ദേശം നല്കിക്കൊണ്ട്. അങ്ങേയറ്റം സഹനം കൈക്കൊള്ളുകയും കൂടുതൽ നന്ദി കാണിക്കുകയും ചെയ്യുന്നവർക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് (14:6)

ഇവിടെ ഹദ്റത്ത് മൂസാ(അ)യെ സ്മരിച്ചുകൊണ്ട് പറയുന്നത്, മൂസായുടേയും അദ്ദേഹത്തിന്റെ അനുയായികളുടേയും സഹനവും നന്ദിയുമാണ് അവർക്ക് പ്രയോജനപ്പെട്ടതെന്നാണ്. ഈ സഹനത്തിലും നന്ദിയിലും ദൃഷ്ടാന്തങ്ങളുണ്ടെന്ന് പറഞ്ഞിരിക്കുന്നു. വിശുദ്ധഖുർആനിൽ ഇത് പറഞ്ഞതിന്റെ ഉദ്ദേശ്യം മുസ്ലിംകളും അക്കാര്യം മനസ്സിലാക്കാനാണ്. പക്ഷേ, സഹനത്തിന്റേയും നന്ദിയുടേയും ഉദ്ദേശ്യം, എന്തുണ്ടായാലും എങ്ങനെയുണ്ടായാലും ഏതവസ്ഥയിലായാലും വീട്ടിലിരിക്കുക എന്നതല്ല. മറിച്ച്, ഈ അനുഗ്രഹങ്ങളെ ആദരിക്കുകയെന്നതാണ് അതിന്റെ ഉദ്ദേശ്യം. നന്ദി പ്രകടനവും ഉണ്ടാകണം, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയും വേണം, സഹിക്കുകയും വേണം. നബി(സ) തിരുമേനി മൂസാ(അ) കൊണ്ടുവന്നതിനേക്കാളുപരിയായിട്ടുള്ള ധർമ്മശാസ്ത്രപരമായ കല്പനകളാണ് കൊണ്ടുവന്നത്.

ആ മഹാത്മാവ് അവസാന ശരീഅത്ത് കൊണ്ടുവന്നു. തത്ഫലമായി ദീൻ അതിന്റെ പൂർണ്ണതയിലെത്തി. അതുകൊണ്ട് നബി (സ)യെ വിശ്വസിക്കുന്നവരുടെ സഹനത്തിന്റേയും നന്ദിയുടേയും നിലവാരവും വളരെ ഉയർന്നതായിരിക്കേണ്ടതാണ്. എങ്കിലെ, നബി(സ)യുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളുടെ യഥാർത്ഥ അനന്തരാവകാശികളായിത്തീരുകയുള്ളൂ. ഹദ്റത്ത് മൂസാ(അ)യുടെ ജനത അനുഗ്രഹങ്ങളെ ആദരിച്ചിരുന്ന കാലമത്രയും വെളിച്ചം പ്രാപിച്ചുകൊണ്ടിരുന്നു. അനുഗ്രഹങ്ങളെ അവഗണിക്കാൻ തുടങ്ങിയപ്പോൾ അവരിൽനിന്ന് അത് പിൻവലിച്ചു. ഈ സംഭവം വിവരിക്കുന്നതിന്റെ ഉദ്ദേശ്യം, സഹനവും നന്ദിയും ഒരു നിരന്തരമായ കർമ്മവും കഠിനാധ്വാനവും ആവശ്യപ്പെടുന്നു എന്നതാണ്. സ്ഥിരചിത്തതയോടുകൂടി അല്ലാഹു വിശുദ്ധഖുർആനിലൂടെ നമ്മോട് കല്പിച്ചിട്ടുള്ള നന്മകൾ ചെയ്തുകൊണ്ടേപോകുന്നതിന്റെ പേരാണ് സഹനവും നന്ദിയും. വിശുദ്ധഖുർആന്റെ മനോഹരമായ അധ്യാപനത്തിലൂടെ ഇടമുറിയാതെ ജിഹാദെ അക്ബർ ചെയ്യേണ്ട ആവശ്യമുണ്ട്. അതിൽ നമ്മുടെ ആത്മാവിന്റെ ശുദ്ധീകരണവും പ്രബോധനവും അല്ലാഹുവിന്റെ കാരുണ്യത്തിനുള്ള നന്ദി പ്രകടനവുമുണ്ട്. ഈ എല്ലാ കാര്യങ്ങളും അല്ലാഹു നമ്മോട് പറഞ്ഞിരിക്കുന്നു. ഇതെല്ലാം സഹനത്തിന്റെയും നന്ദി പ്രകടനത്തിന്റെയും കൂട്ടത്തിൽപെടുന്നു; നൈരന്തര്യം നിലനില്ക്കുന്നതിനും ഈ അനുഗ്രഹങ്ങൾക്ക് ഒരു മുഅ്മിൻ അല്ലാഹുവിന് നന്ദി കാണിക്കുന്നതിനും വേണ്ടിയാണിത്.

ഇസ്ലാമിന്റെ അങ്ങേയറ്റം അധഃപതനാവസ്ഥയിൽ ഇക്കാലത്ത് അല്ലാഹു മസീഹ് മഹ്ദിയുടെ രൂപത്തിൽ ഒരു 'ജരിയുല്ലാ' (അല്ലാഹുവിന്റെ ഫയൽവാൻ)യെ അയച്ചതിനേക്കാൾ വലിയ അനുഗ്രഹം മറ്റെന്താകാനാണ്. അദ്ദേഹം നബി(സ) തിരുമേനിയുടെ യഥാർത്ഥ ദാസനാണ്. മൂസായുടെ ജനതയെക്കാളധികം അന്ധകാരത്തിൽ മുങ്ങിക്കിടന്നിരുന്ന ജനതയ്ക്ക് പ്രകാശം നല്കിയ ആ മഹാനായ നബിയുടെ ദാസനാണ്. ഹദ്റത്ത് മൂസായുടെ ഉദാഹരണം നല്കിയതുകൊണ്ടുള്ള ഉദ്ദേശ്യം നബി(സ)യെക്കാൾ മൂസായുടെ സ്ഥാനം ഉയർന്നതാണെന്നല്ല. മറിച്ച്, അതുകൊണ്ടുള്ള ഉദ്ദേശ്യം ജനതകളെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരുന്നതിന്നായിട്ട് പ്രവാചകന്മാരെ അയക്കുന്നുവെന്ന് പറ

യാനാണ്. പ്രകാശത്തിലേക്ക് വന്നതിനുശേഷം സ്ഥിര ചിത്തതയോടെ നിലകൊള്ളുന്ന ജനത അല്ലാഹുവിന്റെ ദൃഷ്ടാന്തമായിത്തീരുന്നു. മടിയന്മാരാകുകയും, സഹന ത്തിന്റെയും നന്ദിയുടെയും മാതൃക കാണിക്കാതിരിക്കു കയും ചെയ്യുന്നവരിൽനിന്ന് അനുഗ്രഹം പിൻവലിക്കു ന്നു. അല്ലാഹു പറയുന്നു, ഏ റസൂൽ(സ)! മുസ്ലിം കൾക്കും പറഞ്ഞുകൊടുക്കുക, ഈ യാഥാർത്ഥ്യത്തെ കൃത്യതയോടെ പാലിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സുവാർത്തകളടങ്ങിയ ദൃഷ്ടാന്തങ്ങൾക്ക് അർഹരായി ത്തീരും. ഈ യാഥാർത്ഥ്യത്തെ മുറുകെ പിടിച്ചുകൊ ണ്ട്, ഇക്കാലത്ത് അല്ലാഹു മസീഹ് മൗഊദ്(അ)ന്റെ രൂപ ത്തിലിറക്കിയ ഈ അനുഗ്രഹത്തേയും ആദരിക്കുക; ആ കളഞ്ഞുപോയ മാഹാത്മ്യം തിരിച്ചുവരുന്നതിനുവേ ണ്ടി. ഈ വചനത്തിൽ അല്ലാഹു പറയുന്നു: ***ദക്കിറുഹും ബി അയ്യാമില്ലാഹ്***. അതായത് അവരെ അല്ലാഹുവിന്റെ ദിനങ്ങൾ ഓർമ്മിപ്പിക്കുക.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇതിനെ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു. അതായത്, അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് എടുത്തുമാറ്റുന്നതിനുള്ള രീതി ഇങ്ങനെയാണ്. ഒന്ന്, അല്ലാഹുവിന്റെ നിഅ്മത്തുകളെ ക്കുറിച്ച് പറഞ്ഞുകൊടുക്കുക. സത്യവിശ്വാസികളുമാ യിട്ട് എത്രമാത്രം സുവാർത്തകൾ ബന്ധപ്പെട്ടിരിക്കുന്നു വെന്നും എന്തെന്തെല്ലാം അനുഗ്രഹങ്ങളാണ് സത്യവി ശ്വാസികൾക്ക് ലഭിക്കാൻ പോകുന്നതെന്നും പറഞ്ഞു കൊടുക്കുക. രണ്ടാമത്തേത്, ശിക്ഷയെക്കുറിച്ച് ഭയപ്പെ ടുത്തുക.

ഈ അവസ്ഥകൾ വിശുദ്ധഖുർആനിൽ സുരക്ഷിത മാക്കിക്കൊണ്ട് മുസ്ലിംകൾക്ക് അനശ്വരമായിട്ടുള്ള ഉപ ദേശം നല്കി. അതായത് നിങ്ങളുടെ ദൃഷ്ടി എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പതിഞ്ഞിരിക്കേണ്ട താണ്. അതിനോടൊപ്പം നന്ദികേട് കാണിച്ചവർക്കു കിട്ടിയ ശിക്ഷയും നോക്കിക്കാണുക. അപ്പോഴാണ് ഒരു മനുഷ്യൻ ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് സുരക്ഷി തനായിരിക്കുന്നത്.

അല്ലാഹു അന്നഹ്ൽ എന്ന അധ്യായത്തിൽ പറ യുന്നു: ***അല്ലാഹു അൻസല മിനസ്സമാഇ മാഅൻ ഫ അഹ്‌യാബിഹിൽഅർള ബഅ്ദ മൗത്തിഹാ ഇന്ന ഫീ ദാലിക്ക ല ആയത്തൻല്ലി ഖൗമിൻയ്യസ്മഊൻ***. അല്ലാഹു ആകാശത്തുനിന്ന് ജലം ഇറക്കി. അതുമുഖേന ഭൂമിയുടെ മരണത്തിനുശേഷം അതിനെ ജീവിപ്പിച്ചു. ശ്രദ്ധിച്ചു കേൾക്കുന്ന ജനത്തിന് ഇതിൽ തീർച്ചയായും വളരെ വലിയ ദൃഷ്ടാന്തമുണ്ട് (16:66).

ഈ ജലം ഇറക്കുന്നതിൽ, കാര്യങ്ങൾ കേൾക്കുന്ന വർക്ക് ദൃഷ്ടാന്തമുണ്ടെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അതായത്, വെള്ളത്തിന്റെ ഇറക്കം കേൾക്കുന്നവർക്ക് ദൃഷ്ടാന്തമാണ്. ഇതേ അധ്യായത്തിന്റെ പിന്നിലുള്ള വച നത്തിൽ ഒരിടത്ത് അല്ലാഹു പറയുന്നു: ***അല്ലാഹു അൻസല മിനസ്സമാഇ മാഅൻല്ലക്കും***. ഈ വാക്യത്തിൽ തുടർന്ന് പറഞ്ഞത്, ഈ ജലത്തിൽനിന്ന് നിങ്ങൾ കുടി ക്കുന്നുണ്ട്. മൃഗങ്ങളും കുടിക്കുന്നുണ്ട്. നിങ്ങളുടെ ധാന്യവിളവുകളും ഇതുമുഖേന തയ്യാറാകുന്നു. ഞാനി പ്പോൾ ഓതിയ വചനത്തിൽ അല്ലാഹു പറഞ്ഞത്, ഭൂമിയെ ജീവിപ്പിക്കുന്നതിനുവേണ്ടി ഇറക്കിയ വെള്ള ത്തിൽ, കേൾക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നാണ്. വെള്ളത്തിന് കേൾക്കുന്നതുമായിട്ട് ഒരു ബന്ധവുമില്ല. വെള്ളത്തിന്റെ ബന്ധം ദാഹശമനവും, ധാന്യവിളവു കൾക്ക് സേചനവുമായിട്ടാണ്. ഇവിടെ കേൾക്കുന്നതി നോടൊപ്പം വെള്ളത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നതിന് മറ്റെന്തെങ്കിലും ഉദ്ദേശ്യം ഉണ്ടാകേണ്ടതാണ്. അതിനാൽ, ഈ വചനത്തിന് മുമ്പേയുള്ള വചനം നോക്കാം. അതിൽ അല്ലാഹു പറയുന്നു: മുമ്പേകഴിഞ്ഞുകടന്ന സമു ദായങ്ങൾ ഏതൊരു കാര്യത്തിൽ ഭിന്നാഭിപ്രായക്കാ രായിരുന്നുവോ ആ കാര്യം നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയല്ലാതെ നാം നിനക്ക് ഈ ഗ്രന്ഥം അവതരിപ്പിച്ചുതന്നിട്ടില്ല.

ശരിയായ അധ്യാപനവും യാഥാർത്ഥ്യവും അവര റിയുന്നതിനും ഇതിൽ വിശ്വസിക്കുന്നവർക്ക് ഇതുമു ഖേന മാർഗ്ഗദർശനം ലഭിക്കുന്നതിനും കാരുണ്യം ഇറ ങ്ങുന്ന സത്യവിശ്വാസികളുടെ ഒരു ജമാഅത്ത് ഉണ്ടാ യിത്തീരുന്നതിനും വേണ്ടിയാണിത്. ഞാനോതിയ വച നത്തിൽ അല്ലാഹു പറയുന്നു, നിർജീവമായ ഭൂമിക്ക് ജീവൻ നല്കുന്നതിൽ കേൾക്കുന്നവർക്ക് ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇവിടെ വെള്ളം കൊണ്ടുള്ള ഉദ്ദേശ്യം ആത്മീയ ജലമാണ്. അത് നബിമാർ മുഖേന ആകാശത്തുനിന്നിറ ങ്ങുന്നു. ഇത് ഏറ്റവും ഉന്നതവും പവിത്രവുമായ നില യിൽ നബി(സ) തിരുമേനിയുടെമേൽ ഇറങ്ങി. ഇത് മരി ച്ചുകിടന്ന ധാരാളമാളുകൾക്ക് ജീവൻ നല്കി. പഴയ സമുദായങ്ങളിലെ പരസ്പരമുള്ള ഭിന്നതകൾ അവസാ നിപ്പിച്ചു. കേൾക്കുന്നവർക്ക് ജീവിതം പ്രദാനം ചെയ്യു ന്നത് വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ മാത്രമാണ്. ഇവിടെ കേൾക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം വെറും കേൾക്കുകയല്ല. മറിച്ച്, അത് സ്വീകരിച്ചുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കലുമാണ്. അതിനാൽ, ഈ ആത്മീയജലം പ്രയോജനപ്പെടുന്നത് ഈ അധ്യാപനമ നുസരിച്ച് പ്രവർത്തിക്കുന്നവർക്കാണ്. കക്ഷി പ്രതിക ക്ഷികളായി പിരിഞ്ഞു ചേരിതിരിവിൽ കുടുങ്ങിക്കിട ക്കുന്നവർക്കല്ല. ചേരിതിരിവ് കാരണം, ഈ ഗ്രന്ഥം ഉണ്ടായിട്ടും ഇതിൽനിന്ന് ഫലമെടുക്കാൻ കഴിയുന്നി ല്ല. ജീവൻ പ്രദാനം ചെയ്യുന്ന ഈ ജലത്തെ മുസ്ലിം കൾ പ്രയോജനപ്പെടുത്തിയില്ല. അവർക്കത് മനസ്സിലാ ക്കാനും കഴിഞ്ഞില്ല.

ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സത്യ

സന്ധനായ പ്രേമി നിയോഗിതനാകണമായിരുന്നു. ഈ സത്യസന്ധനായ പ്രേമിയുടെ തഫ്സീർ ശ്രദ്ധയോടെ കേൾക്കുന്നവർക്കു മാത്രമേ ഇതിൽനിന്ന് ഫലമെടുക്കാൻ സാധിക്കുമായിരുന്നുള്ളൂ. കാരണം അല്ലാഹു നേരിട്ടാണ് അദ്ദേഹത്തിന് മാർഗ്ഗദർശനം നല്കിയത്. അദ്ദേഹം അല്ലാഹുവിൽനിന്ന് അറിവ് പ്രാപിച്ചുകൊണ്ട് "യഥാർത്ഥസമയത്ത് ആകാശത്തുനിന്നുവന്ന ആ ജലമാകുന്നു ഞാൻ" എന്ന് പ്രഖ്യാപിച്ചു.

അതിനാൽ ഇപ്പോൾ ഖുർആനികാനുഗ്രഹങ്ങളുടെ ഉറവും ഈ സത്യസന്ധനായ പ്രേമിയിൽനിന്ന് പൊട്ടിപ്പുറപ്പെടേണ്ടതാണ്. ബുദ്ധിമതികൾ, ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യേണ്ട സ്ഥാനമാണിത്. കേൾക്കുന്നവർക്ക്, കേൾക്കാനുള്ള സന്ദേശമാണിത്. ശ്രദ്ധിക്കുക, കേൾക്കുക.

അല്ലാഹു മറ്റൊരിടത്ത് പറയുന്നു: ***ഇന്നഫീ ദാലിക്കലആയത്തൻല്ലിമൻ ഖാഫ അദാബൽആഖിറത്തി ദാലിക്കയൗമുൻമ്മജ്മൂഉൻ ല്ലഹുന്നാസു വദാലിക്ക യൗമുൻമ്മശ്ഹൂദ്***

പരലോക ശിക്ഷ ഭയപ്പെടുന്നവർക്ക് തീർച്ചയായും ഇതിൽ ഒരു ദൃഷ്ടാന്തമുണ്ട്. സമസ്ത മനുഷ്യരേയും ഒരുമിച്ചുകൂട്ടപ്പെടുന്ന ഒരു നാളാണ് അത്. സാക്ഷ്യം വഹിക്കപ്പെടുന്ന ഒരു നാളുമാണ് അത് (11:104).

ഒരു സത്യവിശ്വാസി കഴിഞ്ഞ ജനതകളിൽ നടന്ന ഈ സംഭവങ്ങൾ വായിക്കുമ്പോഴും അതായത് അവരുടെ അതിക്രമവും ദ്രോഹവും കാരണത്താൽ അവരുടെമേൽ ശിക്ഷയിറക്കിയത് വായിക്കുമ്പോഴും അല്ലെങ്കിൽ താൻ അതിക്രമകാരിയേയും ദ്രോഹിയേയും പിടിക്കുമെന്ന് അല്ലാഹു പറഞ്ഞ വചനം ഓതുമ്പോഴും പരലോകത്തിലെ ശിക്ഷ വളരെ കഠിനതരമാണെന്നും, സത്യവിശ്വാസിയുടെ ആത്മാവ് വിറകൊണ്ടുപോകുംവിധം കഠിനമുള്ളതാണെന്നും അറിയുമ്പോഴും- അവൻ തന്നെ കൂടുതൽ നന്നാക്കിത്തീർക്കാൻ ശ്രമിക്കുന്നു. എല്ലാതരം അക്രമങ്ങളിൽ നിന്നും തന്നെ അകറ്റിനിറുത്താൻ ശ്രമിക്കുന്നു. എന്നല്ല, ഒരു സത്യവിശ്വാസിയുടെ തേജോവിലാസമാണിത്. നബി(സ) തിരുമേനി നമ്മെ പഠിപ്പിച്ചതും ഇതാണ്. ഈ മാതൃകയാണ് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചത്. കാർമേഘം ഉരുണ്ടുകൂടുകയും പൊടിക്കാറ്റ് വീശുകയും ചെയ്യുമ്പോൾ, അതിന്റെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടാൻ ആ മഹാത്മാവ് ദുആ ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവിന്റെ അഭയത്തിൽ വരാൻ പ്രാർത്ഥിക്കുമായിരുന്നു.

അതിനാൽ, സത്യവിശ്വാസി ഈ എല്ലാ കാര്യങ്ങളും കണ്ടുകൊണ്ട് ആത്മപരിശോധന നടത്തുന്നു. അല്ലാഹുവിനോടുള്ള ഭയവും ഭീതിയും അവന്റെ ഹൃദയത്തിലുണ്ടാകുന്നു. ഈ മുൻകഴിഞ്ഞ സംഭവങ്ങളും ശിക്ഷകളുമാണ് സത്യവിശ്വാസിയെ തന്റെ പരിഷ്കരണത്തിലേക്ക് ശ്രദ്ധതിരിപ്പിക്കുന്നത്.

നബി(സ) തിരുമേനിയുടെ സമുദായത്തിലെ ഓരോ വ്യക്തിയും, നബിതിരുമേനിയുടെ അനുയായി എന്നു പറയുന്ന ഓരോരുത്തരും ഈ യാഥാർത്ഥ്യത്തെ നല്ല വണ്ണം മനസ്സിലാക്കുന്നവരായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അക്രമവും ദ്രോഹവും ധിക്കാരവും കലഹവും, അല്ലാഹുവിന്റെ കല്പനകളെ സ്വന്തം ഇഷ്ടത്തിനായി വളച്ചൊടിച്ചുള്ള പ്രയോഗവും അല്ലാഹുവിന്റെയടുത്ത് പിടിക്കപ്പെടുന്നതാണ്. അല്ലാഹു അഹ്മദികളായ നമുക്കും ഏറ്റവുമധികം ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഒരു ദുആയിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. നിങ്ങൾക്കെല്ലാവർക്കുമറിയാം പാക്കിസ്ഥാനിലെ അവസ്ഥകൾ ഇപ്പോൾ വളരെ മോശമായിരിക്കുകയാണ്. ഭരണം ഇല്ലാത്തതിനു തുല്യമാണ്. എല്ലാ കാര്യങ്ങളും ഭീകരവാദികളുടെ കൈകളിലാണ്. ഇസ്ലാമിന്റെ പേരിൽ, ഇസ്ലാമിന്റെ കല്പനകൾക്ക് വിരുദ്ധം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മുസ്ലിം മുസ്ലിമിനെ കൊന്നാൽ അവൻ മുസ്ലിമേയല്ലെന്ന് അല്ലാഹുവിന്റെ റസൂൽ പറയുന്നു. ഇവിടെ പരസ്പരം കൊല്ലുന്നതിൽ വ്യാപൃതരായിരിക്കുകയാണ്. ഓരോ ദിവസവും ഡസൻകണക്കിന് ജീവൻ നഷ്ടപ്പെട്ടു പോകുന്നു. ഭീകരത അതിരുവിട്ടുകഴിഞ്ഞിരിക്കുന്നു. കുട്ടികൾ യതീമാക്കപ്പെടുന്നു. സ്ത്രീകൾ വിധവകളാക്കപ്പെടുന്നു. പക്ഷേ, എന്താണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അവർക്ക് മനസ്സിലാകുന്നില്ല. എവിടേക്കാണ് പോകുന്നതെന്നും അറിയില്ല. അല്ലാഹു ഇവർക്ക് ബുദ്ധി നല്കാൻ ദുആ ചെയ്യുക.

ഈ രാജ്യത്തിന്റെ സ്ഥാപനത്തിൽ അഹ്മദികൾക്കും പങ്കുണ്ട്. അഹ്മദികളുടെ രക്തം ഈ രാജ്യത്തിന്റെ സ്ഥാപനസമയത്തും ഒഴുകിയിട്ടുണ്ട്. അഹ്മദികളുടെ രക്തം ഈ രാജ്യത്തിന്റെ നിർമ്മാണത്തിലും ഒഴുകിയിട്ടുണ്ട്. അഹ്മദികളുടെ രക്തം ഈ രാജ്യത്തിന്റെ സംരക്ഷണത്തിനുവേണ്ടിയും ഒഴുകിയിട്ടുണ്ട്. ദേശത്തോടുള്ള സ്നേഹം നമ്മോട് ആവശ്യപ്പെടുന്നത് നമ്മൾ ഇന്നും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയണമെന്നാണ്. കാരണം ഇപ്പോഴത്തെ അവസ്ഥ അങ്ങനെയാണ്. ഇതിനെ തടയാൻ നമ്മുടെ പക്കൽ ഒരു ശക്തിയുമില്ല. അക്രമത്തിൽനിന്ന് തടയുന്നതിന് നമ്മുടെ പക്കലുള്ളത് ദുആ മാത്രമാണ്. അതുകൊണ്ട് പ്രാർത്ഥനയിലേക്ക് അധികമായി ശ്രദ്ധിക്കുക. പാക്കിസ്ഥാനിൽ വസിക്കുന്ന അഹ്മദികളും ധാരാളം ദുആ ചെയ്യുക. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ കഴിയുന്ന പാക്കിസ്ഥാനീ അഹ്മദികളും ഈ രാജ്യത്തിനുവേണ്ടി ദുആ ചെയ്യുക. എന്നല്ല, പാക്കിസ്ഥാനികളല്ലാത്ത അഹ്മദികളും

ദുആ ചെയ്യുക. പാക്കിസ്ഥാനി അഹ്മദികളുടെ ഔദാര്യം പുറംദേശക്കാരിലുണ്ട്. കാരണം അവരാണ് അവിടെ പോയി ഇക്കാലത്തെ ഇമാമിന്റെ സന്ദേശമെത്തിച്ചത്. ഇക്കാലത്തെ ഇമാം മുഖേന നമുക്കെത്തിയ വഴിയും അധ്യാപനവും ദൈവികജലവും അവർക്ക് പറഞ്ഞുകൊടുത്തത്. ഔദാര്യത്തിന് പകരം എന്ന നിലയിലും ഓരോ അഹ്മദിയും പാക്കിസ്ഥാനി അഹ്മദികൾക്കും അവരുടെ രാജ്യത്തിനും വേണ്ടി ദുആ ചെയ്യേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. പാക്കിസ്ഥാനിലുള്ള അഹ്മദികൾ അവരുടെ പരിസരവാസികളോട് എങ്ങോട്ടാണ് നിങ്ങൾ പോകുന്നതെന്ന് ചോദിക്കുക, അല്ലാഹു സമ്മാനമായി നിങ്ങൾക്ക് നല്കിയ ഈ നാടിനെ എന്തിനാണ് നശിപ്പിക്കുന്നതെന്ന് ചോദിക്കുക. ദൈവികാനുഗ്രഹങ്ങളെ ആദരിക്കാത്ത ജനതയെ അല്ലാഹു അവഗണിച്ചുകളയുമെന്ന് പറയുകയും ചെയ്യുക.

അതുകൊണ്ട് പാക്കിസ്ഥാനിലെ അഹ്മദികൾ അവർക്ക് കഴിയുന്നവിധത്തിൽ ജനങ്ങൾക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കുക. ദുആയും ചെയ്യുക. എന്നല്ല, ലോകത്തുള്ള ഓരോ അഹ്മദിയുടെയും നിർബന്ധ കടമയാണ് ധാരാളമായി ദുആ ചെയ്യുക എന്നത്. അവസ്ഥകൾ അങ്ങേയറ്റം വഷളായിക്കൊണ്ടിരിക്കുകയാണ്. അതിരുകടന്നുകൊണ്ടിരിക്കുകയാണ്. ബോംബ് സ്ഫോടനവും വെടിവെപ്പും കൊലയും ഉണ്ടാകുമ്പോൾ ബുദ്ധിപരമായി അതിനെ നേരിടുന്നതിനു പകരം എല്ലാം അടിച്ചുതകർക്കുന്ന കാഴ്ചയാണ് കാണുന്നത്. അതുകൊണ്ട് കൂടുതൽ നാശങ്ങൾ വ്യാപിക്കുന്നു. ഡസൻ കണക്കിന് മരണം നിത്യവും ഉണ്ടാകുന്നു. അല്ലാഹുതആല ഇക്കൂട്ടർക്ക് ബുദ്ധി നല്കട്ടെ എന്ന് ദുആ ചെയ്യുകയാണ്. പൊതുജനങ്ങൾ പൊതുവെ മാന്യന്മാരാണ്. പൊതുജനങ്ങൾ ഇത്തരം കാര്യങ്ങളിൽ അധികവും ഇടപെടാറില്ല. പക്ഷേ, ഉപദ്രവകാരികളായ വിഭാഗം അവർ രാജ്യത്തെ നശിപ്പിക്കാൻ വേണ്ടി ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. അവർക്ക് ബുദ്ധി വരികയില്ലെന്നാണ് അല്ലാഹുവിന്റെ വിധിയെങ്കിൽ, കുറഞ്ഞപക്ഷം അവരെ പിടിക്കുക എന്ന അവന്റെ കൃത്യം പെട്ടെന്നു നടപ്പിലാകുമാറാകട്ടെ; ഈ രാജ്യവും ഇതിലെ മാന്യന്മാരുടെ കുട്ടികളും സുരക്ഷിതരായിരിക്കുന്നതിനുവേണ്ടി. ഈ നാട്ടിൽ എത്രയും വേഗം സമാധാനം സ്ഥാപിതമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 28.12.2007 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala